(ഡി) എങ്കിൽ അതിന്മേൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ആദ്യഘട്ടമായി സംസ്ഥാന ഓഫീസിലെ റിക്രൂട്ട്മെന്റ് വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്നത് സംബന്ധിച്ച് കെൽട്രോൺ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. അതിനായി 2000-2001 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊപ്പോസലിൽ തുക ഉൾക്കൊള്ളിക്കാനുള്ള കമ്മീഷന്റെ നിർദ്ദേശവും പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) പ്രസ്തുത ആവശ്യങ്ങളിന്മേൽ യുക്തമായ തീരുമാനം എടുക്കുന്നതാണ്.

നിയമനത്തിൽ സംവരണ/സംവരണേതര സമുദായങ്ങൾക്ക് ലഭിച്ച പ്രാതിനിധ്യം

36(1505)ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോസഫ് കമ്മീഷൻ മുമ്പാകെ പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ നിയമനങ്ങളിൽ സംവരണ/സംവരണേതര സമുദായങ്ങൾക്ക് ലഭിച്ച പ്രാതിനിധ്യത്തെ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് പബ്ലിക് സർവീസ് കമ്മീഷൻ തെളിവിനായി നൽകിയിരുന്നോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിലെ സംവരണ വിഭാഗത്തിന്റെ പ്രാതിനിധ്യം കാണിച്ചിരിക്കുന്നത് പി.എസ്.സി. മുഖേന സംവരണ റൊട്ടേഷൻ പ്രകാരം നിയമനം ലഭിച്ചവരെ മാത്രം ഉൾപ്പെടുത്തിയാണോ എന്ന് വ്യക്തമാക്കുമോ;

(സി) ഓപ്പൺ കാറ്റഗറിയിൽ നിയമനം ലഭിച്ച പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവരെ സംവരണ നിയമനം ലഭിച്ചവരുടെ ലിസ്റ്റിൽപ്പെടുത്തിയാണ് ലിസ്റ്റ് നൽകിയതെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു വരുന്നു.

പി.എസ്.സി. പരീക്ഷയുടെ മൂല്യനിർണ്ണയം

37(1506) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷാ മൂല്യനിർണ്ണയത്തിന് കമ്പ്യൂട്ടർ ഒ.എം.ആർ. സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പരീക്ഷാ സംവിധാനത്തിന്റെ വിശ്വാസ്യത നിലനിർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly